**കേരളാ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&ടി)യുടെ നടപടിക്രമങ്ങൾ**

വിഷയം:- ആ.വ.ഡ-രണ്ടാം ഗ്രേഡ് ലാബ് ടെക്നീഷ്യൻ 01-01-2011 മുതൽ 31-12-2016 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ട് പ്രസിദ്ധീകരിക്കുന്ന ഉത്തരവ്.

സൂചന:- 1) 09/6/2017ലെ ഇ.എസ്.5/14554/17/ആ.വ.ഡ ഉത്തരവ്.
2) ജില്ലാ മെഡിക്കൽ ആഫീസുകൾ മുഖേന ലഭിച്ച അപേക്ഷകൾ.

**ഉത്തരവ് നമ്പർ ഇ.എസ്.5/14554/17/ആ.വ.ഡ/തീയതി 23/03/2018.**

സൂചന (1) ഉത്തരവിൻപ്രകാരം 01/01/2011 മുതൽ 31/12/2016 വരെ വിവിധ ജില്ലകളിൽ പി.എസ്.സി. അഡ്വൈസ് നേടി ജോലിയിൽ പ്രവേശിച്ച രണ്ടാം ഗ്രേഡ് ലാബ് ടെക്നീഷ്യൻ മാരുടെ സിനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിന് മുന്നോടിയായി 12/5/2017ന് കരട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിച്ച് ആയതു പരിഹരിച്ചായിരുന്നു 9/6/17ലെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത്.

അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിന് ശേഷം നാളിതുവരെ ലിസ്റ്റിൽ പുതുതായി പേര് ചേർക്കുന്നതിനും നിലവിലെ ലിസ്റ്റിൽ ജനനതീയതി, വിദ്യഭ്യാസ യോഗ്യത തുടങ്ങിയ കാര്യങ്ങളിൽ തിരുത്തൽ വരുത്തുന്നതിനുമായി നിരവധി അപേക്ഷകൾ ലഭിക്കുകയുണ്ടായി. മാത്രമല്ല സീനിയോറിറ്റി ലിസ്റ്റിൽ ഉണ്ടായ മറ്റ് ചില അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പരാതികൾ ലഭിക്കുകയും ഉണ്ടായി. നാളിതുവരെ ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് സൂചന (1) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ളവരുടെയും പ്രസിദ്ധീകരിച്ച ലിസ്റ്റിൽ മാറ്റങ്ങൾ വന്നവരുടെയും പേരിലും, വിദ്യാഭ്യാസ യോഗ്യതയിലും മാറ്റങ്ങൾ ആവശ്യപ്പെട്ടവരുടെയും, പരാതികൾ പരിഗണിച്ച് തയ്യാറാക്കിയ കരട് ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുതലിസ്റ്റിനെക്കുറിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ പ്രസ്തുത വിവരം തെളിവു സഹിതം രേഖാമൂലം സമർപ്പിച്ച് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസറുടെ വ്യക്തമായ റിപ്പോർട്ട് സഹിതം 30/4/2018ന് 5 മണിക്ക് മുൻപായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് ആഫീസിൽ ഹാജരാക്കേണ്ടതും പകർപ്പ് essectiondhs@gmail.com എന്ന വിലാസത്തിൽ ഇ-മയിൽ ചെയ്ത് നൽകേണ്ടതുമാണ്.

കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അപ്പീൽ സമർപ്പിക്കുന്നതിന് മതിയായ കാലദൈർഘ്യം നൽകി പ്രസിദ്ധപ്പെടുത്തിയ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ തുടർന്ന് ധാരാളം അപ്പീലുകൾ ലഭിച്ച സാഹചര്യത്തിലാണ് ഈ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത്. ഈ ലിസ്റ്റ് ഓരോ ജില്ലാ മെഡിക്കൽ ഓഫീസർമാരുടേയും പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപന മേധാവികളും നിർബന്ധമായും സമയബന്ധിതമായും അയച്ചുകൊടുക്കേണ്ടതും ലഭ്യമാകുന്ന അപ്പീലുകൾ യഥാസമയം റിപ്പോർട്ട് സഹിതം അയച്ച് തരേണ്ടതുമാണ് ജില്ലാമെഡിക്കൽ ആഫീസർമാർ ഈ

കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും മേലിൽ ഈ ലിസ്റ്റിൽ കൂട്ടിച്ചേർക്കലുകൾ ഒഴിവാക്കാനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

(ഒപ്പ്)
ഡോ. സമീറ എ.
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&ടി)

സ്വീകർത്താവ്: എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും

പകർപ്പ്: കേരള ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

അംഗീകാരത്തോടെ .

സൂപ്രണ്ട്